## പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 3442 — 14/03/2017-ൽ മറുപടിക്ക്

## തീരദേശ പരിപാലന നിയമത്തിൽ ഇളവ്

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ.എം.ഷാജി<br>,, പി.കെ.അബ്ദു റബ്ബ്<br>,, എൻ .എ.നെല്ലിക്കുന്ന്<br>,, വി.കെ.ഇബ്രാഹിം കുഞ്ഞ് | | **ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)** | |
| (എ) | തീരദേശ പരിപാലന നിയമത്തിൽ സംസ്ഥാനത്തിന് പ്രത്യേക ഇളവ് ആവശ്യപ്പെട്ട് കേന്ദ്ര സർക്കാരിനെ സമീപിച്ച വിഷയത്തിൽ കേന്ദ്ര സർക്കാരിന്റെ നിലപാട് എന്തായി രുന്നു എന്ന് വ്യക്തമാക്കുമോ; | (എ) | കേരളത്തിന്റെ ആവശ്യങ്ങൾ പരിശോധിക്കാൻ ചുമതലപ്പെടുത്തിയ ഡോ. ഷൈലേഷ് നായക് സമിതി (2014), അവരുടെ റിപ്പോർട്ട് പൂർത്തിയാക്കി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിതായിട്ടാണ് അറിയാൻ കഴിയുന്നത്. ഇത് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ പരിഗണനയിലാണ്. പ്രസ്തുത റിപ്പോർട്ടിന്റെ വെളിച്ചത്തിൽ പ്രത്യേക ഇളവുകൾ ഒന്നും ഇതുവരെയായി പ്രഖ്യാപിച്ചിട്ടില്ല. |
| (ബി) | ഏതൊക്കെ തരത്തിലുള്ള ഇളവുകളാണ് സംസ്ഥാനം ആവശ്യപ്പെട്ടിട്ടുള്ളതെന്ന് വിശദമാക്കുമോ; | (ബി) | കേരള സർക്കാർ കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ട ഇളവുകളുടെ പകർപ്പ് **അനുബന്ധമായി** ചേർക്കുന്നു. |
| (സി) | കേരളം പോലെ, തീരദേശ മേഖല കൂടുതലുള്ള മറ്റു സംസ്ഥാനങ്ങളുടെ സഹകരണം തേടാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വെളിപ്പെടുത്തുമോ? | (സി) | ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്